ശ്രീ. ടി. എം. ജേക്കബ്: സർ, വാക്കൗട്ട് നടത്തുകയാണ് എന്നു പറഞ്ഞാൽ സഭയിൽനിന്നും പുറത്തുപോകണമെന്നുള്ളതല്ലേ? ഇവിടെ കുറേ അംഗങ്ങൾ എത്ര നേരമായിട്ട് പോകാതെ നോക്കി നിൽക്കുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി).

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) കുട്ടനാടിന്റെ സമഗ്രവികസനത്തിനുവേണ്ടി കുട്ടനാട് വികസന അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ഡോ. കെ. സി. ജോസഫ്: സർ, കുട്ടനാട്, താലൂക്ക്, ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി, ചെങ്ങന്നൂർ, തിരുവല്ല, കോട്ടയം, വൈക്കം, ചങ്ങനാശ്ശേരി എന്നീ താലൂക്കുകളുടെ ഭാഗങ്ങളും 79—ഓളം വില്ലേജുകളും ഉൾക്കൊള്ളുന്ന കുട്ടനാട് പ്രദേശം കേരളത്തിലെ ഏറ്റവും അവികസിതമായ ഒരു പ്രദേശമാണ്. വെള്ളക്കെട്ടുകൊണ്ട് ചുറ്റപ്പെട്ടു കിടക്കുന്ന ഈ പ്രദേശം ഗതാഗത സൗകര്യത്തിലും കുടിവെള്ളം കിട്ടുന്ന കാര്യത്തിലും വിദ്യാഭ്യാസ സൗകര്യത്തിന്റെ കാര്യത്തിലുമെല്ലാം കേരളത്തിൽ ഏറ്റവുമധികം പിന്നോക്കം കിടക്കുന്ന ഒരു പ്രദേശമാണ്. അതുകൊണ്ടാണ് കുട്ടനാടിന്റെ സമഗ്രമായ വികസനത്തിനായി സ്ഥിരമായി ഗതാഗതസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി, കുടിവെള്ള വിതരണ സമ്പ്രദായം വിപുലമാക്കുന്നതിനുവേണ്ടി, പാടങ്ങളുടെ ബണ്ടുകൾ സംരക്ഷിക്കുന്നതിനുവേണ്ടി, കാർഷിക മേഖലയുടെ വികസനത്തിനുവേണ്ടി, അങ്ങനെ എല്ലാ മേഖലകളും വികസിപ്പിക്കുന്നതിനുവേണ്ടിയും അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടിയുമുള്ള ഒരു സമഗ്രമായ കുട്ടനാട് വികസന അതോറിറ്റി ഉണ്ടാകണമെന്നുള്ളത് നിരന്തരമായി കുട്ടനാട് പ്രദേശത്തെ എല്ലാവിഭാഗം ജനങ്ങളും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരുകാര്യമാണ്. 6—9—1985—ൽ ഈ ആവശ്യമുന്നയിച്ചുകൊണ്ട് ഞാൻ ഈ സഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് ആ പ്രമേയം തത്വത്തിൽ അംഗീകരിക്കുകയും നിയമസഭ ഐകകണ്ഠ്യേന, ആ പ്രമേയം പാസ്സാക്കുകയും ചെയ്തു. ആ പ്രമേയത്തിന് മറുപടി പറഞ്ഞുകൊണ്ട് അന്ന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി പറഞ്ഞത്, അതിനായിട്ടുള്ള വാട്ടർ ബാലൻസ് സ്റ്റഡി 1985—86 ജനുവരി ആദ്യം തന്നെ ആരംഭിച്ചുകൊണ്ട് രണ്ടു വർഷത്തിനിടയിൽ അത് പൂർത്തിയാക്കി കുട്ടനാട് വികസന അതോറിറ്റി ഉണ്ടാക്കുമെന്നാണ്. എന്നാൽ അതിന്റെ വാട്ടർ ബാലൻസ് സ്റ്റഡി ഇനിയും ആരംഭിച്ചിട്ടില്ല. എന്നാൽ ഈ അടുത്ത നാളുകളിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ഒരു സ്റ്റേറ്റ്മെന്റ് കണ്ടു. കുട്ടനാട് ഓണാട്ടുകര വികസന അതോറിറ്റി അടുത്ത ജനുവരിയിൽ വരുമെന്ന് പറയുകയുണ്ടായി. ഏറ്റവും സ്വാഗതാർഹമായ ഒരു സ്റ്റേറ്റ്മെന്റായി ഞാനതിനെ കാണുകയാണ്. ഈ വികസന അതോറിറ്റിയുടെ രൂപീകരണം എത്രത്തോളമായി എന്നും എന്നത്തേക്ക് ഇത് പ്രവർത്തനത്തിൽ കൊണ്ടുവരുവാൻ കഴിയുമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിക്കണം. ഏറ്റവും വേഗം ഈ അതോറിറ്റി രൂപീകരിച്ചുകൊണ്ട് ഈ അവികസിത മേഖലയെ രക്ഷിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കുട്ടനാടിന്റെ സമഗ്രമായ വികസനത്തിനായി ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. ഏതാണ്ട് 276 കോടി രൂപ മുതൽമുടക്കുള്ള ഒരു പദ്ധതിയാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതിക്കു സഹായം നൽകുന്നതിനായി ഡച്ചുഗവൺമെന്റുമായി ബന്ധപ്പെടുന്നതിന് ഈ പദ്ധതി കേന്ദ്ര ഗവൺമെന്റിലേക്ക് അയച്ചുകൊടുത്തു. കേന്ദ്രഗവൺമെന്റ് അതിനാവശ്യമായ നടപടികളും സ്വീകരിച്ചു. അതിനെത്തുടർന്ന് ഡച്ചു ഗവൺമെന്റിന്റെ പ്രതിനിധികളും കേരളത്തിൽ വന്ന് ഇക്കാര്യങ്ങളെക്കുറിച്ച് നേരിട്ട് മനസ്സിലാക്കിക്കൊണ്ട് പോയിരിക്കുകയാണ്. അവരുടെ വിദഗ്ദ്ധ പരിശോധനയിൽ ഈ പരിപാടിയെക്കുറിച്ച് എന്തെങ്കിലും വികസനപരിപാടികളും ആരംഭിക്കുന്നതിന് മുൻപായിട്ട് വാട്ടർ ബാലൻസ് സ്റ്റഡി നടത്തണമെന്ന് പറഞ്ഞിരിക്കുകയാണ്. അതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. വിദഗ്ദ്ധൻമാരുടെ സഹായത്തോടുകൂടി അവർ അത് നടത്താമെന്ന് സമ്മതിച്ചിരിക്കുകയാണ്. ആ സ്റ്റഡി കഴിഞ്ഞ് അവരുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ ഡച്ച് ഗവൺമെന്റ് – സഹായം തരാമെന്നുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ അതോറിറ്റി രൂപീകരിക്കുകയും മറ്റ് ആവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് വളരെ സത്വരമായി നടപടികൾ സ്വീകരിക്കും.

ഡോ. കെ. സി. ജോസഫ്: സർ, വാട്ടർ ബാലൻസ് സ്റ്റഡി ഇതിനോടകം ആരംഭിച്ചുവെന്ന് പറഞ്ഞു. അതിനാവശ്യമായ പണം ഈ വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടോ; വാട്ടർ ബാലൻസ് സ്റ്റഡി ഇതിനോടകം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് ഈ വാട്ടർ ബാലൻസ് സ്റ്റഡി നടത്തുന്നത്; എന്നത്തേക്ക് ഇത് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: സർ, അതിനുള്ള വിദഗ്ദ്ധ സംഘത്തെ നിയമിച്ചു കഴിഞ്ഞിട്ടില്ല. ഇക്കാര്യങ്ങളും പരിശോധിച്ച് അധികം കാലതാമസം കൂടാതെ തന്നെ വേണ്ട നടപടികളും സ്വീകരിക്കാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെ. സ്പീക്കർ)

(2) മതം മാറിയ ഹരിജനങ്ങൾക്ക് ആനുകൂല്യം നിഷേധിക്കുന്നതു നിമിത്തം ഗ്രാമവികസന പ്രവർത്തനങ്ങളിലുണ്ടാകുന്ന പോരായ്മകൾ

ശ്രീ. കെ. പങ്കജാക്ഷൻ: സർ, മതം മാറിയവർ എന്നതിന്റെ പേരിൽ ഹരിജനങ്ങൾക്കുവേണ്ടിയുള്ള ഭവന സഹായ പദ്ധതികളും അനുസരിച്ചുള്ള വീട് നിർമ്മാണത്തിന് ബ്ലോക്കുകളിൽനിന്നും ആനുകൂല്യങ്ങളും നൽകാൻ കഴിയുന്നില്ല. അതുപോലെതന്നെ ഗവൺമെന്റ് ഉത്തരവോ ഭരണാനുമതിയോ നൽകാൻ കഴിയാത്തതിന്റെ പേരിൽ ഹരിജൻ–ഗിരിജന വിഭാഗങ്ങളുൾപ്പെടെയുള്ളവർക്ക് പ്രയോജനകരമായ റോഡ് നിർമ്മാണത്തിനുമുള്ള നടപടികളും സ്വീകരിക്കാൻ കഴിയാതെവരുന്നു. അർഹതയുള്ളവർക്കു മാത്രമായി ഐ. ആർ. ഡി. പി. വായ്പകളും കൊടുക്കാൻ സാധിക്കാതെ വരുന്നു. ഈ സാഹചര്യത്തിൽ ബ്ലോക്കുകളിലെ പ്രവർത്തനം



LIBRARY ARCHIVES Kerala Legislative Assembly